"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് - ജീവനക്കാര്യം - ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഗംഗാദേവി സി.പി.-ക്ക് നൽകിയ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

G.O.(Rt)No.194/2024/POWER തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 27.11.2023-ലെ സി.ഇ.ഐ./10987/2023-ഇ1 നമ്പർ ഉത്തരവ്.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 16.06.2024-ലെ സി.ഇ.ഐ./10987/2023-ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് സെക്രട്ടറിയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല വഹിക്കുകയും ചെയ്തിരുന്ന ശ്രീ.വിനോദ് ജി-ക്ക് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ചതിനാൽ പ്രസ്തുത കാര്യാലയത്തിന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിന്റെയും സുഗമമായ പ്രവർത്തനം മുൻ നിർത്തി ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഏറ്റവും സീനിയറായ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഗംഗാദേവി സി.പി.(പെൻ നം. 224402) ക്ക് 27.11.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർക്കാരിന്റെ സാധൂകരണത്തിന് വിധേയമായി നൽകിയ പരാമർശം 1-ലെ നടപടി സാധൂകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഏറ്റവും സീനിയറായ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഗംഗാദേവി സി.പി. (പെൻ നം. 224402) ക്ക് 27.11.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ നൽകിയ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം 1-ലെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

JOINT SECRETARY

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

ശ്രീമതി ഗംഗാദേവി സി.പി, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 18-10-2024 18:39:49

സെക്ഷൻ ഓഫീസർ